I/113920/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3358/2023-PC1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 02-09-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ നിയമനം -സംബന്ധിച്ച്:-

സൂചന:-
1 ഈ കാര്യാലയത്തിലെ 15.05.2023 ലെ DWCD/2440/2023-PC1 നമ്പർ കത്ത്
2 സർക്കാരിന്റെ 09.07.2019 തീയതിയിലെ സ.ഉ.(അച്ചടി) നം. 81/2019/ ധന നമ്പർ ഉത്തരവ്
3 സർക്കാരിന്റെ 03.05.2023 തീയതിയിലെ GO (Rt) No. 225/2023/WCDD നമ്പർ ഉത്തരവ്

വനിത ശിശു വികസന വകുപ്പിന് കീഴിലെ ക്ഷേമ സ്ഥാപനങ്ങളിലെ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ/സ്റ്റാഫ് നഴ്സിന്റെ കരാർ കാലാവധി കഴിയുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന് സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സൂചന (2) ഉത്തരവ് പ്രകാരം ഒരു വർഷം കരാർ കാലാവധി പൂർത്തിയാക്കിയ ജീവനക്കാർക്ക്, വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. രണ്ട് വർഷ കാലാവധിക്ക് ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കാൻ പാടുള്ളൂ. സൂചന (3) ഉത്തരവ് പ്രകാരം വനിത ശിശു വികസന വകുപ്പിന് കീഴിലെ ക്ഷേമ സ്ഥാപനങ്ങളിലെ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർ /സ്റ്റാഫ് നഴ്സിന് വകുപ്പധ്യക്ഷന്റെ അനുമതിയോടെ രണ്ട് വർഷം വരെ കരാർ സേവനം തുടരാവുന്നതാണ്. രണ്ട് വർഷം സേവനം പൂർത്തിയായതിനു ശേഷം സേവനം തുടരുന്നതിന് സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്.

മേൽ സാഹചര്യത്തിൽ ഒരു വർഷം കരാർ കാലാവധി പൂർത്തിയാക്കി നിലവിൽ ദിവസ വേതനാടിസ്ഥാനത്തിൽ തുടരുന്ന ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള പ്രൊപ്പോസൽ അടിയന്തിരമായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ നിലവിലെ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ/സ്റ്റാഫ് നഴ്സിന്റെ പുതുതായി വരുന്ന ഒഴിവിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

I/113920/2023

വനിതാ ശിശുവികസന ഡയറക്ടർ

പകർപ്പ്:

എല്ലാ സ്ഥാപന സൂപ്രണ്ടുമാർക്കും.

Signed by Priyanka G
Date: 02-09-2023 17:14:53